ഉത്തരം

(എ-ഡി) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

കേരള ടോഡി ആന്റ് അബ്കാരി വർക്കേഴ്സ് കോൺഗ്രസ് നൽകിയ നിവേദനം

141. [141]. ശ്രീ. ബി. വിജയകുമാർ :
,, ജി. കാർത്തികേയൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടോഡി ആന്റ് അബ്കാരി വർക്കേഴ്സ് കോൺഗ്രസ് നൽകിയ നിവേദനത്തിൽ എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(ബി) അതിൽ എന്തെല്ലാം നടപ്പിലാക്കിയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരള ടോഡി ആന്റ് അബ്കാരി വർക്കേഴ്സ് കോൺഗ്രസ് നൽകിയ 1-2-2005-ലെ നിവേദനത്തിൽ താഴെ പറയുന്ന 14 ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്.

1. കള്ള് ഷാപ്പുകൾ താലൂക്ക്-റേഞ്ച് അടിസ്ഥാനത്തിൽ ലൈസൻസ് നൽകണം.

2. 2000-01-ൽ ഉണ്ടായിരുന്ന മുഴുവൻ കള്ള് ഷാപ്പുകളും പുനഃസ്ഥാപിക്കണം. ഓരോ വർഷം എന്നുള്ളതു മൂന്ന് കൊല്ലമായി ലൈസൻസ് ചെയ്ത് നൽകുക.

3. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കള്ള് ഷാപ്പുകളെ ദൂരപരിധിയിൽനിന്നും ഒഴിവാക്കുകയോ അല്ലെങ്കിൽ ബാറുകൾ വിദേശമദ്യഷാപ്പുകൾക്കും ഇന്നുള്ള ദൂരപരിധി നിശ്ചയിക്കുക.

4. കള്ള് വ്യവസായ തൊഴിലാളികളുടെ മിനിമം കൂലി നിശ്ചയിച്ചിട്ട് ഇപ്പോൾ 7 വർഷം കഴിഞ്ഞു. കള്ള് വ്യവസായത്തിൽ പല ജില്ലകളിലും പല വേതനമാണ് നിലനിൽക്കുന്നത്. ആയതിനാൽ വടക്ക്-മധ്യ തെക്കൻ മേഖലകൾ തിരിച്ച് മിനിമം വേജസ്സ് നടപ്പിലാക്കാൻ എത്രയും വേഗം മിനിമം വേജസ്സ് കമ്മിറ്റി പുനഃസംഘടിപ്പിക്കുക.

5. കള്ള് ഷാപ്പുകൾ പരിശോധിക്കുന്നതിന് ജില്ലാ അടിസ്ഥാനത്തിൽ മൊബൈൽ ലാബ് സ്ഥാപിക്കുക.

† അനുബന്ധം XXII

LIBRARY ARCHIVES Kerala Legislative Assembly

6. എക്സൈസ് വകുപ്പിൽ ഒരു പുതിയ നിയമം ഉണ്ടാക്കുകയും ആ വകുപ്പിന് കർമ്മശേഷി ഉള്ളതാക്കി മാറ്റുകയും ചെയ്യുക.

7. കള്ള് ഷാപ്പുകൾക്ക് സ്ഥിരം കെട്ടിടം (കെ. എച്ച്. ആർ മോഡൽ) കെട്ടികൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുക.

8. മിച്ചം വരുന്ന കള്ള് ശാസ്ത്രീയമായി ടിന്നുകളിൽ ആക്കി വിൽക്കാനുള്ള നടപടി സ്വീകരിക്കുക.

9. അനധികൃത മദ്യം തടയുന്നതിന് സംസ്ഥാന, ജില്ലാ, താലൂക്ക് അടിസ്ഥാനത്തിൽ കമ്മിറ്റി രൂപീകരിക്കുകയും അതിൽ എക്സൈസ്, പോലീസ്, റവന്യൂ, ട്രേഡ് യൂണിയൻ പ്രതിനിധികളെയും ഉൾപ്പെടുത്തുക.

10. ചാരായ നിരോദനംമൂലം തൊഴിൽ നഷ്ടപ്പെട്ട പാരമ്പര്യ തൊഴിലാളികളെ വിദേശ മദ്യഷാപ്പുകളിലും ബാർ ഹോട്ടലുകളിലും നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

11. പുതിയതായി അനുവദിച്ച വിദേശ മദ്യഷാപ്പുകളിൽ ചാരായ തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുമെന്ന് പറഞ്ഞിട്ട് ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. ഉടൻ നടപ്പിലാക്കുക.

12. ചാരായ തൊഴിലാളികളുടെ സീനിയോറിറ്റി ലിസ്റ്റ് ഏകപക്ഷീയമാണ്. നിഷ്പക്ഷമായ ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ള നടപടി സ്വീകരിക്കുക.

13. തകർന്ന കള്ള് ഷാപ്പുകളിൽ ചാരായ തൊഴിലാളികളെ വയ്ക്കുവാനുള്ള സർക്കാർ തീരുമാനം പിൻവലിക്കുക.

14. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയതായി ബാറുകളും ലിക്കർ ഷാപ്പുകളും അനുവദിക്കാതിരിക്കുക.

(ബി) അതിൽ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട 4-ാമത് ആവശ്യം സംബന്ധിച്ച് മിനിമം വേതന കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. 12-ാമത് ആവശ്യം സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് നിഷ്പക്ഷമായ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി നികുതി വകുപ്പിന് നൽകിയിട്ടുണ്ട്. ഇതര ആവശ്യങ്ങൾ നികുതി വകുപ്പുമായി ബന്ധപ്പെട്ടതാകയാൽ പ്രസ്തുത നിവേദനത്തിന്റെ പകർപ്പ് ആവശ്യമായ നടപടിക്ക് ആ വകുപ്പിന് നൽകിയിട്ടുണ്ട്.

തൊഴിലാളി ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ പദ്ധതികൾ

142. [142] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പെൻഷൻ പദ്ധതികൾ നിലവിലുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly